പാരായണം നിർത്തുന്നതിലും പിന്നീട് തുടങ്ങുന്നതിലും ചില കാര്യങ്ങൾ ശ്രദ്ധിക്കണം. അവ താഴെ ചേർക്കുന്നു.

## പൂർണവിരാമം.

ഒരു ആയത്തിൻെറ അവസാനം നിർത്തുകയും അടുത്ത ആയത്ത് മുതൽ വീണ്ടും തുടങ്ങുകയും ചെയ്യുന്ന രീതിയാണ് പൂർണവിരാമം കൊണ്ടുദ്ദേശിക്കുന്നത്. അതായത്, ഒന്നാമത്തെ ആയത്ത് പൂർണമാക്കിയതിന് ശേഷം രണ്ടാമത്തേയും പിന്നീട് മൂന്നാമത്തേയും സൂക്തങ്ങൾ ഓതുകയാണ തുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇത് ആയത്തുകളുടെ കാര്യം. ചിലപ്പോൾ ആയത്തുകൾക്കിടയിൽ മുറിച്ചോതേണ്ടി വന്നേക്കാം. അവിടെ അർഥം മനസ്സിലാക്കി, മുറിക്കാൻ പറ്റുന്ന സ്ഥലമാണോ എന്ന് ശ്രദ്ധിക്കണം. അതനുസ രിച്ച് എവിടെയാണോ പാരായണം നിർത്തിയത് ആ ഭാഗം കൊണ്ട് ഒരു ആശയം തീർന്നു. ആ ആയത്തിൻെറ അടുത്ത ഭാഗം മറ്റൊരു ആശയത്തെയാണ് കുറിക്കുന്നത്. എങ്കിൽ ആ ഭാഗത്ത് അവ സാനിപ്പിക്കുന്നതിൽ തെറ്റില്ല. ഉദാഹരണം:

وينذر الذين قالوا اتخذ الله ولدا അവിടെ അവസാനിപ്പിച്ച ശേഷം വീണ്ടും അടുത്ത ഭാഗം തുട ങ്ങുക. ما لهم به من علم അവിടെ നിർത്തിയതിനു ശേഷം അടുത്ത ഭാഗം വീണ്ടും തുടങ്ങുക. ولا لآباءهم അർഥം പരിഗണിച്ചുകൊണ്ടുള്ള ഈ രീതി പൂർണ വിരാമമായിട്ടാണ് കണക്കാക്കി യിട്ടുള്ളത്. അതേയവസരം وَيُنْذِرُ الَّذِينَ قَالُوا എന്ന സ്ഥലത്ത് നിർത്തുകയും തുടർന്ന് اتَّخَذَ اللّٰهُ وَلَدًا എന്ന് ബാക്കി ഓതുകയും ചെയ്താൽ അത് തെറ്റാണ്.

## കുറ്റകരമല്ലാത്ത വിരാമം.

ഒരേ ആയത്തിനെ അർഥം പരിഗണിച്ചു മുറിച്ചു പാരായണം ചെയ്യുന്ന രീതിയാണ് കുറ്റകരമ ല്ലാത്ത വിരാമം കൊണ്ടുദ്ദേശിക്കുന്നത്. ഉദാഹരണം: لا ريب فيه അവിടെ അവസാനിപ്പിച്ചതിനു ശേഷം വീണ്ടും അടുത്ത ഭാഗം പാരായണം ചെയ്യുക. هدى للمتقين ഇങ്ങനെ ആശയവും അർഥ വും മുറിയാത്ത രീതിയിലുള്ള വിരാമം കുറ്റകരമല്ലാത്ത വിരാമമാകുന്നു.

## അനുവദനീയ വിരാമം

പാരായണത്തിനിടയിൽ ഒരു ആയത്തിൻെറ ഒരു പ്രത്യേക സ്ഥലത്ത് നിർത്തുകയും വീണ്ടും തുട ങ്ങുമ്പോൾ അർഥം നോക്കി അല്പം പിറകിൽനിന്ന് തുടങ്ങുകയും ചെയ്യുന്ന രീതിയാണിത്. ഇത് അനുവദനീയമാണ്. അതേ അവസരം നിർത്തിയ സ്ഥലത്തുനിന്ന് വീണ്ടും തുടങ്ങുന്നത് ശരിയല്ല. ഉദാഹരണം: الحمد لله എന്ന് ഓതി അവിടെ അവസാനിപ്പിച്ചു. വീണ്ടും പാരായണം തുടങ്ങുന്നത് رب العالمين എന്ന് പാരായണം ചെയ്യുന്ന രീതി നല്ലതല്ല. കാരണം, അർഥം മാത്രമല്ല മുറിയുന്നത് അറബിഗ്രാമർ സംബന്ധമായ പ്രശ്നങ്ങളും അത്തരം വിരാമം കൊണ്ട് സംഭവിക്കും.

## ചീത്തയായ വിരാമം.

അനുവദനീയമല്ലാത്ത വിരാമമാണിത്. ഉദാഹരണം: ബിസ്മി മുറിച്ചു മുറിച്ചു പാരായണം ചെയ് താലുണ്ടാകുന്ന അക്ഷന്തവ്യത എത്രമാത്രമുണ്ടോ അതാണ് ഈ പ്രശ്നത്തിലുള്ളത്. ശ്വാസം കിട്ടാത്ത സന്ദർഭങ്ങളിൽ അങ്ങനെ അവസാനിപ്പിക്കേണ്ടി വന്നാൽ നിർത്തിയതിനു പിറകിൽ നിന്ന് വീണ്ടും തുടങ്ങുകയാണ് വേണ്ടത്.

അത്തരം വിരാമം കൊണ്ട് ഖുർആൻെറ താല്പര്യത്തിന് വിരുദ്ധമായ അർഥം വരുന്ന സന്ദർഭങ്ങളും ഉണ്ടാകും. ഉദാഹരണം: ഒരാൾ ഇങ്ങനെ പാരായണം ചെയ്തു: لَقَدْ سَمِعَ اللّٰهُ قَوْلَ الَّذِينَ قَالُوا അത്രയും പാരായണം ചെയ്തു അവസാനിപ്പിച്ചു. വീണ്ടും പുതുതായി

തുടങ്ങിയത് إِنَّ اللهَ فَقِيرٌ وَنَحْنُ أَغْنِيَاء എന്നാണെങ്കിൽ അത് ഖുർആന്റെ താല്പര്യത്തിന് വിരുദ്ധമാണ്.

താഴെ പറയുന്ന ഖുർആൻ ആയത്തുകൾ അത്തരത്തിൽ നിർത്താൻ പറ്റാത്തവയിൽ ചിലതാകുന്നു.

1. സൂറ ആലു ഇംറാനിലെ 181-ാം ആയത്ത്.
2. സൂറ മാഇദയിലെ 17-ാം ആയത്ത്.
3. സൂറ മാഇദയിലെ 73-ം ആയത്ത്.
4. സൂറ തൗബയിലെ 30-ാം ആയത്ത്.
5. സൂറ സ്വാഫ്ഫാത്തിലെ 151-ാം ആയത്ത്.
6. സൂറ അമ്പിയാഇലെ 29-ാം ആയത്ത്.
7. സൂറ മർയമിലെ 88-ാം ആയത്ത്.
8. സൂറ യാസീനിലെ 22-ാം ആയത്ത്.
9. സൂറ ഗാഫിറിലെ 28-ാം ആയത്ത്.
10. സൂറ മാഊനിലെ 5-ാം ആയത്ത്.

ആശയം മുറിയും വിധത്തിലുള്ള സ്ഥാനങ്ങളിൽ നിർത്തരുത്. ആശയം അവസാനിച്ചെന്ന് ബോധ്യമുള്ള സ്ഥലങ്ങളിൽ നിർത്തുക. അത്തരം സ്ഥലങ്ങളിൽ നിറുത്തിയാൽ തന്നെ വീണ്ടും തുടങ്ങുന്നത് അർഥം പരിഗണിച്ചു അല്പം പിറകിൽ നിന്നായിരിക്കണം.

നിർത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ അക്ഷരത്തെ സുകൂൻ ആക്കിക്കൊണ്ടു വേണം നിർത്തുവാൻ. ഉദാഹരണം-اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ഇവിടെ മുസ്തഖീമ എന്നാണ് അവസാനം. പക്ഷേ, പാരായണം ചെയ്ത് അവസാനിപ്പിക്കുന്നത് മുസ്തഖീം എന്നാ യിരിക്കണം.

തൻവീൻ ഉള്ള അറ്റരത്തിൽ അവസാനിപ്പിക്കുമ്പോഴും അലിഫ് ആക്കി ഓതണം. ഉദാഹരണം- تَوَّابًا എന്നതിനെ തവ്വാബാ എന്ന് അവസാനിപ്പിക്കണം.

താഅ് തഅ്നീസിനു ة മുകളിൽ അവസാനിപ്പിക്കേണ്ടി വന്നാൽ അതിനെ ഹ هاء ആയി ഉച്ചരിക്കണം. ഉദാഹരണം- عَالِيَةٍ ആലിയതിൻ എന്നതിനെ ആലിയ എന്ന് ഓതി നിർത്തണം.

ഖുർആൻ പാരായണത്തിനിടയിൽ അഞ്ച് സ്ഥലങ്ങളിലായി ആയത്തുകൾക്ക് മുകളിൽ ചെറിയ അക്ഷരത്തിൽ س എന്ന് എഴുതിയത് കാണാം. സൂറതുൽ കഹ്ഫ്, യാസീൻ, അൽഖിയാമ, അൽ മുത്വഫ്ഫീൻ, അൽഹാഖ എന്നീ അധ്യായങ്ങളിലാണ് അവ വന്നിട്ടുള്ളത്. അത്തരം ഘട്ടങ്ങളിൽ രണ്ട് അക്ഷരങ്ങൾ ഉച്ചരിക്കുന്ന സമയം അടക്കം പാലിക്കണം. ഉദാഹരണം مَنْ ۜ رَاقْ . മൻ കഴിഞ്ഞാൽ അല്പം അടങ്ങീട്ടുവേണം റാഖ് എന്ന ഭാഗം തുടർന്ന് പാരായണം ചെയ്യുവാൻ.